# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനമരം ഗ്രാമപഞ്ചായത്ത്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ളൂ.വൈ.ഡി/പി4-836/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ : dowyd.ksad@kerala.gov.in

തീയതി. 2/12/2016

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പനമരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനമരം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-4, 3-9 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക്

അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

പകർപ്പ് :1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി/പി4-836/16

തീയതി. 2/12/2016

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27/06/2016 മുതൽ 15/10/2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ

ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണത്തിൻെറയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് | തീയതി |
|---|---|---|---|
| 1 | ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഓഡിറ്റ് ഓഫീസർ (ഹഗ്രേ) | 09.11.2016 മുതൽ 18.11.2016 വരെ |
| 2 | ശ്രീ.ഡേവിഡ്.കെ.വി | അസി.ഓഡിറ്റ് ഓഫീസർ | |
| 3 | ശ്രീ.സമീർ.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ | |
| 4 | ശ്രീ.മനോഹരൻ.എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ | |

ബി) നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.ടി.മോഹനൻ, വനജ്യോത്സന, ഏച്ചോം പ.ഒ | 01/04/2015 മുതൽ 31/10/2015വരെ |
| | അഡ്മിനിസ്ട്രേറ്റർ ഭരണം | 1/11/2015 മുതൽ18/11 /2015വരെ |
| | ശ്രീമതി. ലിസി തോമസ്, പുളിക്കത്തൊടി, അരിഞ്ചേർമല പി.ഒ, പനമരം | 19/11/2015 മുതൽ 31/3/2016വരെ |

| | | |
|---|---|---|
| | | |
| സെക്രട്ടറി | ശ്രീ. ഇ.കെ. അശോകൻ, ഗണേശപുരം, കമ്പളക്കാട്.പി.ഒ | 01/04/2015 മുതൽ 31/8/2015വരെ |
| | ശ്രീ. കെ. രാധാകൃഷ്ണൻ, കുഞ്ഞിൻ വീട്, കണിയാമ്പറ്റ പി.ഒ | 01/09/2015 മുതൽ 6/10/2015 വരെ |
| | മത്തായി.കെ.വി | 7/10/2015 |
| | ശ്രീ. കെ. രാധാകൃഷ്ണൻ, കുഞ്ഞിൻ വീട്, കണിയാമ്പറ്റ പി.ഒ | 8/10/2015 മുതൽ 31/3/2016വരെ |

സി ) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് | മേൽവിലാസം | കാലയളവ് |
|---|---|---|---|---|
| 1 | ശ്രീമതി. റെജിന എം.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പനമരം ഗ്രാമപഞ്ചായത്ത് | പരത്തുവയലിൽ ഹൗസ്, പുൽപ്പള്ളി.പി.ഒ, മീനംകൊല്ലി | 01/04/2015 മുതൽ 31/03/2016 വരെ |
| 2 | ഡോ. സുധീഷ്.പി.എൻ | മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്, പനമരം ഗ്രാമപഞ്ചായത്ത് | പറമ്പൂരില്ലം, ഇരുത്തിക്കാട്, പി.ഒ.മല്ലപ്പള്ളി, പത്തനംതിട്ട | 01/04/2015 മുതൽ 31/03/2016 വരെ |
| 3 | ശ്രീ. വിപിൻ കൃഷ്ണ | അസി.എഞ്ചിനീയർ പനമരം ഗ്രാമപഞ്ചായത്ത് | ശ്രീഹരി, ഡി.6, അർച്ചന നഗർ, മെഡിക്കൽ കോളേജ്.പി.ഒ, പോങ്ങുമൂട്, തിരുവനന്തപുരം | 01/04/2015 മുതൽ 10/06/2015വരെ |

| | | | | |
|---|---|---|---|---|
| | | | | |
| 4 | ശ്രീ. പ്രശാന്ത് എൻ. എസ്. | അസി.എഞ്ചിനീയർ | നെല്ലിവയൽ വീട്,<br>കരണി പി.ഒ.<br>വയനാട് | 11/06/2015 മുതൽ 12/07/2015 വരെ |
| 5 | ശ്രീ. വിപിൻ കൃഷ്ണ | അസി.എഞ്ചിനീയർ<br>പനമരം ഗ്രാമപഞ്ചായത്ത് | ശ്രീഹരി, ഡി.6, അർച്ചന നഗർ, മെഡിക്കൽ കോളേജ്.പി.ഒ, പോങ്ങമൂട്, തിരുവനന്തപുരം | 13/07/2015 മുതൽ 31/03/2016 വരെ |
| 6 | ശ്രീ. ജയരാജൻ എം. | കൃഷി ഓഫീസർ,<br>പനമരം ഗ്രാമപഞ്ചായത്ത് | പ്രഭാമന്ദിരം, മീനങ്ങാടി | 01/04/2015 മുതൽ 31/03/2016 വരെ |
| 7 | ഡോ. ദാഹർ മുഹമ്മദ് വി.പി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | വലിയ പീടിയേക്കൽ വീട്, ദാഹർമൻസിൽ, തിരുർ, നിരമത്തുർ.പി.ഒ, പട്ടമ്പാട്, മലപ്പുറം | 01/04/2015 മുതൽ 20/10/2015 വരെ |
| 8 | ഡോ. ഷീജ വി.ആർ. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | പട്ടായൻവീട്, ആറാട്ടുതറ പ.ഒ, അമൃതനഗർ , മാനന്തവാടി | 20/102015 മുതൽ 31/03/2016 വരെ |
| 9 | ഡോ.അനിൽ | വെറ്ററിനറി സർജൻ<br>പനമരം | ചൈതന്യം, മണിയങ്കോട്.പി.ഒ, കല്പറ്റ | 01/04/2015 മുതൽ 31/03/2016 വരെ |

| | | | | |
|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | |
| 10 | ശ്രീ. ബിജു | റ്റി.ഇ.ഒ., പനമരം ഗ്രാമപഞ്ചായത്ത് | കൊല്ലമട്ടൽ വീട്, മാനന്തവാടി.പി.ഒ, കണിയാരം | 01/04/2015 മുതൽ 31/03/2016 വരെ |
| 11 | ശ്രീ. ഇ.കെ. അശോകൻ, | അസി.സെക്രട്ടറി<br>പനമരം ഗ്രാമപഞ്ചായത്ത് | ഗണേശപുരം, കമ്പളക്കാട്.പി.ഒ | 01/04/2015 മുതൽ 31/03/2016 വരെ |
| 12 | ഡോ. മാത്യു ആൻഡ്രൂസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി,<br>പനമരം ഗ്രാമപഞ്ചായത്ത് | മേവില്ല, തടമ്പാട്ട്താഴെ, വേങ്ങേരി, കോഴിക്കോട് | 01/04/2015 മുതൽ 31/03/2016 വരെ |
| 13 | ശ്രീ. വിനോദ് വി.എൽ. | വി.ഇ.ഒ.(1) പനമരം ഗ്രാമപഞ്ചായത്ത് | സരസ്വതി വിലാസം, അതിയന്നൂർ ആറാലുംമൂട് പി.ഒ., നെയ്യാറ്റിൻകര, തിരുവനന്തപുരം | 01/04/2015 മുതൽ 07/12/2015 വരെ |
| 14 | ശ്രീ. ജയചന്ദ്രൻ എം. | വി.ഇ.ഒ.(1) പനമരം ഗ്രാമപഞ്ചായത്ത് | മുക്കത്ത് വീട് , പുത്തൻകുന്ന്, സുൽത്താൻ ബത്തേരി, വയനാട് | 07/12/2015 മുതൽ 31/03/2016 വരെ |
| 15 | ശ്രീ. അശോക് കുമാർ വി.ജി. | വി.ഇ.ഒ.(2) പനമരം ഗ്രാമപഞ്ചായത്ത് | വെട്ടുപാറപ്പുറത്ത്, ചെറ്റപ്പാലം പി.ഒ., പുൽപ്പള്ളി, വയനാട് | 01/04/2015 മുതൽ 31/03/2016 വരെ |

| | | | | |
|---|---|---|---|---|
| 16 | ശ്രീ. ചന്ദ്രൻ എ. | ഹെഡ്മാസ്റ്റർ, പനമരം ഗ്രാമപഞ്ചായത്ത് | സൌപർണ്ണിക, നിയർ ഔർ പഴശ്ശിക്കാവ്, നടാൽ, എടക്കാട് പി.ഒ. | 01/04/2015 മുതൽ 31/05/2015 വരെ |
| 17 | ശ്രീ. ചാക്കോ പ്രകാശ് | ഹെഡ്മാസ്റ്റർ, പനമരം ഗ്രാമപഞ്ചായത്ത് | ചോലയിൽ, മാനന്തവാടി പി.ഒ., വയനാട് | 03/06/2015 മുതൽ 31/03/2016 വരെ |

ഉള്ളടക്കം

ഭാഗം 1


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |

| | | | |
|---|---|---|---|
| 11 | അനുബന്ധ പത്രികകൾ | 1(11) | |
| | ഭാഗം-II | | |
| 12 | തൊഴിൽ നികുതിയുടെ സംക്ഷിപ്തവും വാർഷിക ധനകര്യപത്രികയും പൊരുത്തപ്പെടുന്നില്ല. | 2(1) | |
| 13 | തൊഴിൽ നികുതിയായി ലഭിച്ച 6250 രൂപയുടെ ഡി.ഡി ക്യാഷ് ആയി മാറ്റിയിട്ടില്ല | 2(2) | |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ യഥവിധി എഴുതി സൂക്ഷിച്ചിട്ടില്ല. | 3(1) | |
| 2 | വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികളുടെ നിർവ്വഹണം - മുഴുവൻ രേഖകളും ഹാരാക്കിയിട്ടില്ല. | 3(2) | |
| 3 | അന്ധരായവർക്ക് കമ്പ്യൂട്ടർ -പ്രോജക്ടിൽ അംഗീകരിച്ചതിൽ കൂടുതൽ തുക വിലവരുന്ന കമ്പ്യൂട്ടർ വാങ്ങി നൽകി. | 3(3) | |
| 4 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അളവുകൾ പൊരുത്തപ്പെടുന്നില്ല. | 3(4) | |

| | | | |
|---|---|---|---|
| 5 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല. | 3(5) | |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 3(6) | |
| 7 | ഐ.എ.വൈ ഭവനനിർമ്മാണം - വിനയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 3(7) | |
| 8 | ജലനിധി പദ്ധതിയുടെ മുഴുവൻ ചെലവ് കണക്കുകളും ഹാജരാക്കേണ്ടതാണ്. | 3(8) | |
| 9 | അസി.എഞ്ചിനീയർ രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 3(9) | |
| 10 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് നൽകിയതിനാൽ അധിക പെയ്മെന്റ് സംബന്ധിച്ച് | 3(10) | |
| 11 | കൺസോളിഡേഷന് വേണ്ട കുറവ് വരുത്താത്തതിനാൽ അധിക ചെലവ് | 3(11) | |

| | | | |
|---|---|---|---|
| | | | |
| 12 | കുറുമ്പാലക്കോട്ട വാട്ടർ ടാങ്ക് റോഡ് സോളിംഗ്, മൺപണി - വർക്കിനായി സൈറ്റിൽ തന്നെ ഉപയോഗിച്ച മണ്ണിന് 5 കി.മീ. ദൂരെ കളയുന്നതിനുള്ള നിരക്ക് അനുവദിച്ചു- 1.1 ലക്ഷം രൂപ നിരാകരിക്കുന്നു | 3(12) | |
| 13 | പഞ്ചായത്ത് സ്റ്റേഡിയം വിപുലീകരണം- മണ്ണ് ഫില്ലിംഗ് - മതിയായ തോതിൽ കൺസോളിഡേഷന് കുറവ് വരുത്താത്തതിനാൽ അധിക ചെലവ്. | 3(13) | |
| 14 | കരവാഴകൃഷി - വിശദവിവരങ്ങൾ ലഭ്യമല്ല. | 3(14) | |
| 15 | പഞ്ചായത്തിലെ റോഡ് മെയിൻറനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച് | 3(15) | |
| 16 | പനമരം ജി.എൽ.പി.എസ്, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം - പ്രോജക്ടിൽ വകയിരുത്തിയതിൽ അധികരിച്ച തുക ചെലവഴിച്ചു. 104655 രൂപ തടസ്സത്തിൽ വെക്കുന്നു. | 3(16) | |

| | | | |
|---|---|---|---|
| | | | |
| 17 | എസ്.എസ്.എ. വിഹിതം നൽകിയത് പ്രോജക്ടിൽ അധികരിച്ച തുക 142576.65 രൂപ തടസ്സത്തിൽ വെക്കുന്നു | 3(17) | |
| 18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം 2 ഗുണഭോക്താക്കൾക്ക് തുക നൽകിയില്ല. | 3(18) | |
| 19 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിലുപാധി നൽകൽ - 40,000/-രൂപ നിരാകരിക്കുന്നു. | 3(19) | |
| 20 | പട്ടിക ജാതി യുവതി യുവാക്കൾക്ക് തൊഴിലുപാധി നൽകൽ - തുക ദുരപയോഗം ചെയ്തു. | 3(20) | |
| 21 | രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ എലിക്കെണികൾ വാങ്ങിയതിന്റെ ചെലവ് തുക 69000 /- രൂപ തടസ്സപ്പെടുത്തുന്നു. | 3(21) | |

| | | | |
|---|---|---|---|
| 22 | ഭവന നിർമ്മാണ ധനസഹായം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3(22) | |
| 23 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് | 3(23) | |
| 24 | ഭവന നിർമ്മാണ ധനസഹായം രേഖകൾ കൃത്യതയില്ല - 600000/- രൂപ തടസ്സപ്പെടുത്തുന്നു. | 3(24) | |
| 25 | വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല - 65,68,121/- തടസ്സപ്പെടുത്തുന്നു. | 3(25) | |
| 26 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം , ബാഗ് വിതരണം അപാകതകൾ | 3(26) | |

ഭാഗം-IV

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |

| | | | |
|---|---|---|---|
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
| 66/2015 dt 28/3/2015 | |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|

| | | |
|---|---|---|
| 2015-16 | 31.07.2016 | 28/7/2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2015-16 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്റ്ററിൽ ആകെ ഡിമാണ്ട്, കളക്ഷൻ എന്നിവ രേഖപ്പെടുത്തിയത് തെറ്റാണ്. രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക 1647790 എന്നാണ്, എന്നാൽ യാഥാർത്ഥത്തിൽ 1676350 ആണ് (കൂട്ടിയെടുത്ത തുക). ഇതിനു പുറമേ രജിസ്റ്ററിലെ പേജ് നമ്പർ 11, 19 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ തുക (പേജ് ടോട്ടൽ) യഥാക്രമം 26100, 28750 ആണ്, എന്നാൽ സംക്ഷിപ്തത്തിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നത് യഥാക്രമം 68550, 16950 എന്നാണ്.
2. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമാല്ല. ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ വസ്തു നികുതിയുടെ കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്നത് ലൈബ്രറി സെസ്സ് അടക്കമുള്ള തുകയാണ്.
3. എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്റർ (പേ രജിസ്റ്റർ), അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിലെ ഇവയുമായി ബന്ധപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
5. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
6. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ

പരിശോധിക്ക് ഹാജരാക്കിയിട്ടില്ല.

8. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
9. MNREGS , EFMI വഴി നൽകിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.
10. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് A+B+C, വാർഷിക കണക്കിലെ മുൻബാക്കിയും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല.
11. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.
12. തൻവർഷം വസതി എന്ന പദ്ധതിക്കായി 1.5 കോടി രൂപ ഗ്രാമപഞ്ചായത്ത് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.
13. വാർഷിക കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന് 510000/-രൂപ ഇൻവെസ്റ്റ്മെന്റ് ഉണ്ട് എന്നാൽ ഈ ഇനത്തിൽ പലിശ വരവ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ 40,00,000/-രൂപ തിരിച്ചടവും (പ്രോജക്ട് നം. എസ്. 381/16) വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
14. ബാലൻസ് ഷീറ്റിൽ പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 500/- രൂപയാണ്. എന്നാൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്നത് 1619/- രൂപയാണ് (ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ്.). ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വരവ് ചെലവുകൾക്ക് പ്രത്യേകം രശീതികളും വൌച്ചറുകളും സൂക്ഷിച്ചിട്ടില്ല.
15. ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പൈക്ക സ്കീമിന്റെ ബാധ്യതയായി 4000/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബി-17 ഷെഡ്യൂളിൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 53891/-രൂപയാണ്.
16. ജലനിധിയുടെ വിഹിതം 10 ലക്ഷം രൂപ ജലനിധിയുടെ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് മാറ്റിയത് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.
17. ടെക്നിക്കൽ അസിസ്റ്റന്റെ വേതനം 162000/-രൂപയും (പ്രോജക്ട് നം. എസ്. 0007/16) പദ്ധതി രൂപികരണത്തിന്റെ ചെലവ് 79230/-രൂപയും (പ്രോജക്ട് നം.എസ്. 0001/16) തനത് ഫണ്ടിൽ നിന്നും നൽകിയത് വികസനഫണ്ടിൽ നിന്നും റീക്കൂപ്പ് ചെയ്തത് വീണ്ടും ചെലവും വരവുമായി രേഖപ്പെടുത്തിയിരിക്കുന്നു.
18. തനത് ഫണ്ട് ചെലവഴിച്ച് വാങ്ങിയ ടാറിന്റെ വില 229533/-രൂപ റീക്കൂപ്പ് ചെയ്തത് വീണ്ടും ചെലവും വരവുമായി രേഖപ്പെടുത്തിയിരിക്കുന്നു.

19. സാംഖ്യ അക്കൗണ്ടിൽ ഉൾപ്പെടാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ ചിലതിൽ വൻതുക നീക്കിയിരിപ്പുണ്ട് അയത് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. (കൃഷി ഓഫീസർ - A/C No. 0856101050730 (കനറാ ബാങ്ക്) 3735371/- രൂപ, അസി. എഞ്ചിനീയർ - A/C No. 0856101050730 (കനറാ ബാങ്ക്) 1200716/-രൂപ, വി.ഇ.ഒ - A/C No. 0856101050722 (കനറാ ബാങ്ക്) 607315/-രൂപയും ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടിൽ 3386637/-രൂപയും)
20. വാർഷിക കണക്കിനോടൊപ്പം അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

ന്യൂനതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (31/2015-16/ 18.11.2016.) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി : 64554661

വരവ് : 157207625

ആകെ : 221762286

ചെലവ് : 188789181

നീക്കിബാക്കി : 32973105

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5050069 | 21941698 | 26991767 | 17135689 | 0 | 0 |
| വികസന ഫണ്ട് | 438121 | 1703121 | 2141242 | 1398121 | 8121 | 0 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (ടി.എസ്.പി) | 7893478 | 23856000 | 31749478 | 22422567 | 5896602 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8169122 | 13738000 | 21907122 | 12701712 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3279114 | 5214000 | 8493114 | 4387146 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6178307 | 18778674 | 24956981 | 11555307 | 9898464 | 0 |
| ലോക ബാങ്ക് സഹായം | 6786427 | 6138511 | 12924938 | 3752344 | 6138511 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 443 | 265 | 115 | 63 | 59.81 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6115979 | 5696405 | (-)419574 | (-)6.9 |
| നികുതിയേതര വരവുകൾ | 2454644 | 2060750 | (-)393894 | (-)16 |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 484 | 107184 | (+)106700 | (+)99.5 |
| പലിശ | 343074 | 424431 | (+)81357 | (+)19.2 |
| ആകെ | 8914181 | 8288770 | (-)625411 | (-)7 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 58 | 10 | 48 | |
| 2 | തൊഴിൽ രഹിത വേതനം | 15 | - | 15 | |
| 3 | വിധവാ പെൻഷൻ | 113 | 109 | 4 | |
| 4 | വികലാംഗ പെൻഷൻ | 22 | 22 | - | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 5 | 1 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 358 | 341 | 17 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10034/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 23.05.16 | 1.10.2015 to 31.3.2016 | ലഭ്യമാക്കിയിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 17.2.2011 to 01.3.2011 | 2005-06 to 2009-2010 | 31/3/2011 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതിയുടെ സംക്ഷിപ്തവും വാർഷീക ധനകര്യപത്രികയും പൊരുത്തപ്പെടുന്നില്ല.

2015-16 വർഷത്തെ തൊഴിൽ നികുതിയുടെ സംക്ഷിപ്തം രജിസ്റ്ററിൽ ചേർത്തത് പരിശോധിച്ചപ്പോൾ തലെ വർഷത്തെ ആകെ വരവ് 1647790 രൂപയാണ് . 2015-16ലെ വാർഷിക ധനകര്യപത്രിക പ്രകാരമുള്ള ആകെ വരവും ഇതേ തുക തന്നെയാണ്. എന്നാൽ രജിസ്റ്ററിലെ സംക്ഷിപ്തം എഴുതിയതിലെ തുകകൾ കൂട്ടികിട്ടുന്നത് 1676350 ആണ്. വ്യത്യാസം 28560രൂപ.

കൂടാതെ 2015-16 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് 11,19 എന്നിവയിൽ രേഖപ്പെടുത്തിയ ആകെ തുകകൾ യഥാക്രമം രൂപ 26100, 28750 എന്നിങ്ങനെയാണ്. എന്നാൽ ഈ തുകകൾ സംക്ഷിപ്തത്തിൽ എടുത്ത് എഴുതിയപ്പോൾ യഥാക്രമംരൂപ68550,16950 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയത് .

രജിസ്റ്ററിലെ സംക്ഷിപ്തം എഴുതിയതിലെ തുകകളുടെവ്യത്യാസം സംബന്ധിച്ചും ,2015-16ലെ വാർഷിക ധനകാര്യപത്രികയിലെ തൊഴിൽ നികുതി ഇനത്തിലെ വരവും രജിസ്റ്ററിലെ വരവും പൊരുത്തപ്പെടാത്തതിന്റെ കാരണവും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 26 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതിയായി ലഭിച്ച 6250 രൂപയുടെ ഡി.ഡി ക്യാഷ് ആയി മാറ്റിയിട്ടില്ല.

വയനാട് ജില്ലാ സർവ്വീസ് സഹകരണ ബേങ്ക്, പനമരംബ്രാഞ്ചിലെ 2015-16 വർഷത്തെ രണ്ടാം അർദ്ധ വർഷത്തിലെ 6 ജീവനക്കാരുടെ തൊഴിൽ നികുതിയായ 6250/- രൂപയുടെ ഡി.ഡി. ലഭിച്ചതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡി.ഡി.(നം"29728" 67383920) പഞ്ചായത്തിൽ ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്.

തൊഴിൽ നികുതിയായ 6250 രൂപയുടെ ഡി.ഡി ക്യാഷ് ആയി മാറ്റാതെ പഞ്ചായത്തിൽ ഫയലിൽ സൂക്ഷിക്കാനുണ്ടായ കാരണം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 20/17.11.16 നൽകിയെങ്കിലും ത്രിപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. കൂടാതെ വയനാട് ജില്ലാ സർവ്വീസ് സഹകരണ ബേങ്ക് , പനമരംബ്രാഞ്ചിലെ 2015-16 വർഷത്തെ ഒന്നാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതിയായ 7000/- രൂപ ഒടുക്കിയത് (രശിതി നം 3414438 തീ:23.9.2015 ) തെഴിൽ നികുതി ഒടുക്കുമ്പോൾ ഹാജരാക്കേണ്ട നിശ്ചിത പ്രഫോർമ ഇല്ലാതെയുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റോക്ക് രജിസ്റ്റർ യഥവിധി എഴുതി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് സ്റ്റോക്ക് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇനം തിരിച്ച് സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലുള്ള സാധനങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 58(4)(ബി) അനുസരിച്ച് വർഷാവസാനം സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുമില്ല. കൈമാറികിട്ടിയ സ്ഥപനങ്ങളിലെ ഫർണിച്ചറിന്റെയും മറ്റ് ഉപകരണങ്ങളുടെയും കണക്കുകളും ലഭ്യമല്ല.

ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ (മൂവബ്ൾ അസറ്റ്സ്) കൃത്യത പരിശോധിക്കാൻ സാധ്യമല്ല. 24.09.2010 -ലെ സർക്കാർ സർക്കുലർ നം. 86/2010/ ഫിൻ അനുസരിച്ച് കമ്പ്യൂട്ടർ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 10 /2015-16/ 16.11.2016. ) മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ എഴുതി സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ താഴെ പറയുന്ന പ്രോജക്കുകൾ പ്രകാരമുള്ള വാങ്ങലുകളുടെ ചെലവ് തുക 513570/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1 | എസ്. 0388/16, പഞ്ചായത്ത് രേഖകൾ ഡിജിറ്റലൈസ് ചെയ്യുന്നതിന് സ്കാനർ, പ്രിന്റർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | വികസനഫണ്ട് (സി.എഫ്.സി.) | 149970/ | 7/15-16, 29.03.2016 |
| 2 | എസ്.0028/16, പഞ്ചായത്ത് ഓഫീസിൽ സൌരോർജപാനൽ സ്ഥാപിക്കൽ | വികസനഫണ്ട് (സി.എഫ്.സി) | 363600/- | 31/15-16, 29.03.16 |
| | ക | ആകെ | 513570/- | |

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികളുടെ നിർവ്വഹണം - മുഴുവൻ രേഖകളും ഹാരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ സെക്രട്ടറി താഴെ പറയുന്ന രണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 1 | അമ്പലക്കര പടിക്കംവയൽ റോഡ് പുനരുദ്ധാരണം | 961357/- | 01/2015-16, 23.06.2015 |
| 2 | മൊക്കത്ത് മാനാഞ്ചിറ കുണ്ടാല റോഡ് റീടാറിംഗ്, സൈഡ് കെട്ട് | 489272/- | 08/2015-16, 22.07.2015 |
| | ആകെ | 1450629/- | |

ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മേൽ പ്രവൃത്തികളിലെ അപാകതകൾ താഴെ പറയുന്നു.

1) ആദ്യത്തെ പ്രവൃത്തിയുടെ ബില്ല് ഹാജരാക്കിയിട്ടില്ല.

2) പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)362/2013/ത.സ്വ.ഭ.വ, 16.11.2013) ഖണ്ഡിക 4.3 പ്രകാരം ഒരു തദ്ദേശ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏതുതന്നെ ആയാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

3) പ്രവൃത്തികളുടെ ഫയലിൽ ബോളർ, മെറ്റൽ(60mm, 36mm, 12mm, 6mm), റോളർ, ടിപ്പർ, ടാർ മിക്സർ എന്നിവയുടെ ബില്ലില്ല (കേരള മൂല്യ വർദ്ധിത നികുതി നിയമ പ്രകാരമുള്ള ബില്ല്). ഇവയുടെ കൈപ്പറ്റ് രശീത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

4) ടാർ വാങ്ങിയതിന്റെ ബില്ലില്ല. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ടാർ വാങ്ങിയതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് ഫയലിൽ ഉള്ളത്. ഇത് വ്യക്തവുമല്ല. സെക്രട്ടറി ടാർ വാങ്ങിയതിന്റെയും ഇഷ്യൂ ചെയ്തതിന്റെയും വിവരങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

5) മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. കൺവീനറും, ചെയർമാനും മസ്റ്റർറോളുകളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. തൊഴിലാളികൾ വേതനം കൈപ്പറ്റിയതിന്റെ രശീതിയില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്. മസ്റ്ററോളിന്റെ അവസാനഭാഗത്ത് കൺവീനറും, ചെയർമാനും തീയ്യതിവെച്ച് ഒപ്പ് രേഖപ്പെടുത്തണം.

6) മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതി ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം , എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പടുത്തലുകൾ ഇല്ല.

7) ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. പണമിടപാടുകൾ ബാങ്ക് അക്കൗണ്ട് വഴിയാണോ നടത്തിയത് എന്ന് വ്യക്തവുമല്ല. ചെലവുകൾ ചെക്ക് മുഖേനയല്ല നടത്തിയിട്ടുള്ളതും.

8) വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.

9) ദൈനംദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 12/2015-16/ 16.11.2016. ) മറുപടിയായി രേഖകൾ ഹാജരാക്കുന്നതാണെന്നും ഗുണഭോക്തൃ സമിതികൾക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആകെ ചെലവ് തുക 1450629/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 അന്ധരായവർക്ക് കമ്പ്യൂട്ടർ -പ്രോജക്ടിൽ അംഗീകരിച്ചതിൽ കൂടുതൽ തുക വിലവരുന്ന കമ്പ്യൂട്ടർ വാങ്ങി നൽകി.

സെക്രട്ടറി 2015-16 വർഷത്തിൽ പ്രോജക്ട് നം. എസ്. 0417/16 പ്രകാരം 91420/- രൂപ ചെലവിൽ (ബിൽ നം. 35/15-16/ 29.03.2016, ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്) അന്ധരായവർക്ക് കമ്പ്യൂട്ടർ എന്ന് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 100000/- രൂപ (4 X 25000) ചെലവിൽ 4 ഗുണഭോക്താക്കൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രോജക്ട് പ്രകാരം 2 വീതം കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ,

യു.പി.എസ്., സ്പീക്കർ എന്നിവയാണ് (45710/-രൂപയാണ് ഒരു സെറ്റിന്റെ വില) കെൽട്രോണിൽ

നിന്നും വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കെൽട്രോണിന്റെ തുക കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രോജക്ടിന്റെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ടിൽ വകയിരുത്തി അംഗീകാരം ലഭിച്ചതിന് (25000/- രൂപ വിലവരുന്ന കമ്പ്യൂട്ടർ) വിരുദ്ധമായി 45710/-രൂപ വിലവരുന്ന കമ്പ്യൂട്ടർ വാങ്ങി നൽകിയതിനും മറ്റ് ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 09 /2015-16/ 16.11.2016.) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 91420/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ ഉപയോഗിച്ചുള്ള പ്രവൃത്തികൾ- അളവുകൾ പൊരുത്തപ്പെടുന്നില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഏതാനും മെറ്റീരിയൽ ഉപയോഗിച്ച റോഡ് പ്രവൃത്തികൾ 17.11.2016-ന് സംയുക്ത സ്ഥലപരിശോധന നടത്തി. പരിശോധനയിൽ, പ്രവൃത്തികളുടെ അളവ് പുസ്തക പ്രകാരമുള്ള അളവുകൾ യഥാർത്ഥത്തിൽ നിർവ്വഹണം നടത്തിയ അളവുകളുമായി പൊരുത്തപ്പെടുന്നില്ല എന്ന് കാണുകയുണ്ടായി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പ്രവൃത്തിയുടെ അളവ് പുസ്തകത്തിന്റെ നമ്പർ | വ്യത്യാസമുള്ള അളവിന്റെ വിവരം | |
|---|---|---|---|---|
| | | | അളവ് പുസ്തക പ്രകാരം അളവ് | സ്ഥലപരിശോധനയിൽ കണ്ട അളവ് |
| 1 | ബദിരൂർകുന്ന് നിക്കുന്നാടി (18-ാം വാർഡ്) - ആർ.സി.സി. പൈപ്പ് ഇടൽ | 910/14-15 | 31 മീറ്റർ നീളത്തിൽ 600 mm ആർ.സി.സി. പൈപ്പ് ഇട്ടതായി രേഖപ്പെടുത്തിയിരിക്കുന്ന | 11 മീറ്റർ 900mmപൈപ്പും, 16 മീറ്റർ 600 mm പൈപ്പും, 7 മീറ്റർ 300 mm പൈപ്പും 4 സ്ഥലങ്ങളിലായി ഇട്ടതായാണ് കണ്ടത്. (ആകെ 34 മീറ്റർ ) |
| 2 | ചെമ്പോക്കര പൂതേരി റോഡ് | 903/14-15 | 31 മീറ്റർ നീളത്തിൽ 450 mm ആർ.സി.സി. | 21 മീറ്റർ 450mmപൈപ്പും, 13 |

| | | | | |
|---|---|---|---|---|
| | (4-ാം വാർഡ്) - ആർ.സി.സി. പൈപ്പ് ഇടൽ | | പൈപ്പ് ഇട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു | മീറ്റർ 300 mm പൈപ്പും 6 സ്ഥലങ്ങളിലായി ഇട്ടതായാണ് കണ്ടത്. (ആകെ 34 മീറ്റർ ) |
| 3 | മഞ്ഞവയൽ കോട്ടവയൽ റോഡ് (6-ാം വാർഡ്) - ആർ.സി.സി. പൈപ്പ് ഇടൽ | 593/14-15 | 24 മീറ്റർ നീളത്തിൽ 600 mm ആർ.സി.സി. പൈപ്പ് ഇട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു | 19 മീറ്റർ 450mmപൈപ്പും, 7മീറ്റർ 600 mm പൈപ്പും 5 സ്ഥലങ്ങളിലായി ഇട്ടതായാണ് കണ്ടത്. ഇതിൽ 7മീറ്റർ 600 mm പൈപ്പ് മറ്റൊരു റോഡിലാണ് ഇട്ടിരിക്കുന്നത്. (ആകെ 26 മീറ്റർ ) |
| 4 | പാറവയൽ (ഓണിവയൽ) ആഞ്ഞനികുന്ന് റോഡ് സോളിംഗ് (6-ാം വാർഡ്) | 581/14-15 | 3 മീറ്റർ വീതിയിൽ റോഡ് സോളിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു | 2.10 മീറ്റർ വീതിയിൽ റോഡ് സോളിംഗ് ചെയ്തതായാണ് കണ്ടത്. |
| 5 | അമ്മാനി പാൽഷെഡ് യോഗിമൂല റോഡ് സോളിംഗ് (6-ാം വാർഡ്) | 580/14-15 | 2.80 മീറ്റർ വീതിയിൽ റോഡ് സോളിംഗ് ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു | റോഡിന്റെ ആദ്യ കുറച്ച് ഭാഗം 2.60 മീറ്റർ വീതിയിലും ബാക്കി ഭാഗം 2.10 മീറ്റർ വീതിയിലും റോഡ് സോളിംഗ് ചെയ്തതായാണ് |

| | | | | |
|---|---|---|---|---|
| | | | | കണ്ടത്. |

അപാകതയ്ക്ക് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 30/2015-16/ 18.11.2016. ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെയെല്ലാം അളവുകൾ പുനർപരിശോധന നടത്തി അപാകതകൾക്ക് ഉചിതമായ നടപടിയെടുക്കാൻ ശുപാർശ ചെയ്യുന്നു. ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 3-5 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2015-16 വർഷത്തിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം നൽകിയിട്ടുണ്ട് .

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | 04/2015-16, 23.07.2015 | 140000/- |
| 2 | 16/2015-16, 25.09.2015 | 360000/- |
| | ആകെ | 500000/- |

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ധനസഹായം നൽകുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആദ്യത്തെ ബിൽ പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷ അടക്കമുള്ള രേഖകളും തുക കൈപ്പറ്റിയതിന്റെ രശീതിയുമില്ല. രണ്ടാമത്തെ ബിൽ പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വരുമാനം തെളിയിക്കുന്നതിനുള്ള രേഖയും, വിധവയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖയും ഹാജരാക്കിയിട്ടില്ല. ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ

ഓഡിറ്റ് അന്വേഷണകുറിപ്പിന്( 11/2015-16/ 16.11.2016. ) മറുപടിയായി ഓഡിറ്റ് അവസാനിച്ചതിന് ശേഷമാണ് രേഖകൾ സൂക്ഷിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുള്ളത്. അതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആകെ ചെലവ് തുക 500000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സെക്രട്ടറി 2015-16 വർഷത്തിൽ 457780/-രൂപ കെ.എസ്.ഇ.ബി. - യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് .

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0437/16, കണ്ടംകേണി കുടിവെള്ള പദ്ധതി ഇലട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ | വികസനഫണ്ട് (പൊതുവിഭാഗം) | 2,00,000 | 12/15-16, 15.09.15 |
| 2 | എസ്.0408/1516, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി ഇലട്രിക്ക് ലൈൻ എക്സ്റ്റെൻഷൻ | വികസനഫണ്ട് (സി.എഫ്.സി) | 257780/- | 44/15-16, 31.03.16 |
| | | ആകെ | 457780/- | |

താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 14/2015-16/ 16.11.2016. ) മറുപടി ലഭ്യമാക്കിയിട്ടില്ല.

1) കൈമാറിയ തുകയുടെ ഔദ്യോഗിക രശീതി, വിനയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കെ.എസ്.ഇ.ബി. യുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല.

വിശദീകരണവും ആവശ്യമായ രേഖകളും ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 457780/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണവും രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ഐ.എ.വൈ ഭവനനിർമ്മാണം - വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി 2015-16 വർഷത്തിൽ 78,20,000/-രൂപ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0003/16 ഐ.എ.വൈ വിഹിതം അടക്കൽ( ജനറൽ) | വികസനഫണ്ട് (പൊതുവിഭാഗം) | 22,00,000 | 18/15-16, 23.12.15 |
| 2 | എസ്.00521/1516 ഐ.എ.വൈ വിഹിതം അടക്കൽ( ടി.എസ്.പി) | വികസനഫണ്ട് ( ടി.എസ്.പി) | 16,200,000<br>40,00,000 | 48/15-16, 31.03.16<br>47/15-16, 31.03.16 |
| | കെ | ആകെ | 78,20,000 | |

താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ താല്പര്യപ്പെടുന്നു.

1. G.O. (MS) 362/2013/LSGD/16.11.2013 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം തുക സ്വീകരിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ രേഖാമൂലമുള്ള റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക കൈമാറാവൂ . എന്നാൽ ബ്ലോക്ക് പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെടാതെയാണ് ഗ്രാമപഞ്ചായത്ത് തുക കൈമാറിയിരിക്കുന്നത്.

2. ഗ്രാമപഞ്ചായത്തലെ ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എത്രയൊക്കെ തുക ഏതൊക്കേ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായിട്ടാണ് മേൽപറഞ്ഞ തുക കൈമാറിയത് എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകയുടെ ഔദ്യോഗിക രശീതി, വിനയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 13/2015-16/ 16.11.2016. ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകെ ചെലവ് തുക 78,20,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 ജലനിധി പദ്ധതിയുടെ മുഴുവൻ ചെലവ് കണക്കുകളും ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി താഴെ പറയുന്ന പ്രോജക്ട് പ്രകാരം ജലനിധി പദ്ധതിയ്ക്കായി 2015-16 വർഷത്തിൽ 10,00,000/-രൂപ ജലനിധിയുടെ അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട് .

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0003/16 ജലനിധി പദ്ധതിയ്ക്ക് വിഹിതം | വികസനഫണ്ട് (പൊതുവിഭാഗം) | 10,00,000 | 40/15-16, 29.03.2016 |

ജലനിധി പദ്ധതിയുടെ നാളിതുവരെയുള്ള ചെലവുകളുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് മുഴുവൻ ചെലവ് കണക്കുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. തൻവർഷത്തെ ചെലവ് തുകയായ 10,00,000/-രൂപ തൽക്കാലം തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 അസി.എഞ്ചിനീയർ രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

രജിസ്റ്ററുകളും, രേഖകളും തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

1. ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. നിശ്ചിത മാതൃകയിൽ

എഴുതിയിട്ടില്ല.പ്രതിദിനം ക്ലോസിംഗ് നടത്തിയിട്ടില്ല. വൗച്ചർ നമ്പറുകൾ ക്രമമായി നൽകിയിട്ടില്ല. തനത് ഫണ്ട് ഉപയോഗിച്ചുള്ള പ്രോജക്റ്റുകൾക്കായി പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന തുകയുടെ വിവരം(ചെക്ക് നമ്പർ, തിയ്യതി മുതലായവ)ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. പണം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുമ്പോഴും ഓരോ വർക്കിനായും ഡി.ഡി. എടുത്തതിന്റെ വിവരങ്ങൾ കൃത്യമായി കണ്ടെത്തുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

2. മരാമത്ത് പണികളുടെ കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല.അതിനാൽ പേമെന്റ് തുകയുടെ കൃത്യത മനസ്സിലാക്കുന്നതിനും ഫയലിന്റെ നിലവിലെ സ്ഥിതി മനസിലാക്കുന്നതിനും, ഓഡിറ്റ് സമയബന്ധിതമായി തീർക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

3. വർക്ക് ഫയലുകളിൽ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. ഉദാ. 1500 ഘന മീറ്റർ, 4000 ഘന മീറ്ററും മണ്ണ് ഫില്ലിംഗ് ഉള്ള പ്രവർത്തികളുടെ ഫയലിൽ അവ സി.ടി.ഇ ക്ക് റിപ്പോർട്ട് ചെയ്യുന്നതായോ, തുടർ നടപടികൾ എടുക്കുന്നതായോ രേഖകളില്ല. മാത്രമല്ല മണ്ണ് ഫില്ലിംഗ് നടത്തിയ പ്രവർത്തികളിൽ ഫില്ലിങ്ങിന് റവന്യൂ അധികാരികളിൽ നിന്നും അനുമതി വാങ്ങിയതിന്റെ / ലഭിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. സൈറ്റിൽ നിന്നും മണ്ണ് മാറ്റിയ സംഗതികളിൽ അവ എവിടെ നിക്ഷേപിച്ചു എന്ന് എം.ബുക്കിലോ, മറ്റ് രേഖകളിലോ വ്യക്തമാക്കുന്നില്ല.

4. റോഡ്,നടപ്പാത, മറ്റ് നിർമ്മാണ പ്രവർത്തികൾക്കായി സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടോ എന്നും അവ പഞ്ചായത്തിന്റെ ഉടസ്ഥതയിൽ ആയിട്ടുണ്ടോ എന്നും രേഖകളുടെ അഭാവത്തിൽ തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

5. സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് അടച്ചത് കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കൈപ്പറ്റിയതിന്റെ രേഖകളില്ല.

6. ബിറ്റുമെൻ വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ പഞ്ചായത്തിന് നല്കിയതിന്റെ രേഖകൾ പഞ്ചായത്തോ, അസി.എഞ്ചിനീയറോ തൃപ്തികരമായവിധം സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിലെ ഇടപാടുകളുടെ കൃത്യത ഓഡിറ്റിൽ മനസ്സിലാക്കാൻ കഴിയുന്നില്ല. അതിനാൽ ഈ വിഷയത്തിൽ അന്വേഷണം നടത്തി അപാകങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതും വിശദവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് 17.11.2016 ന് നല്കിയ ഓഡിറ്റ് എൻക്വയറി നം. 21 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പൂർണ്ണമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് നൽകാത്തതിനാൽ അധിക പെയ്മെന്റ് .

താഴെ പറയുന്ന വർക്കുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് വർക്ക് നൽകാതെ പ്രവർത്തി നടത്തിയതിനാൽ അധിക പെയ്മെന്റ് വന്നിട്ടുണ്ട്.

1.ആടയാട്ട് ചുണ്ടക്കുന്ന് റോഡ് ടാറിംഗ്

പ്രോജക്ട് നം. - 97/14 (48/16 )

അടങ്കൽ തുക - 500000/-

ഭരണാനുമതി നമ്പർ - 72/2013(1)/ 22.5.2013

സാങ്കേതികാനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/ പി.എൻ.എം/ 790/13-14/2.8.2014

എഗ്രിമെന്റ് നമ്പർ - എ.ഇ/69/എൽ.എസ്.ജി.ഡി/13-14 തീയ്യതി 7.11.2013

അളവ് പുസ്തകം നമ്പർ - 131/2013

ചെലവ്

പാർട്ട് ബിൽ 2014-15 - 275590/-

ട്രഷറി ബിൽ - 123/15-16/31.3.16 224410/-

ഈ വർക്കിനായി നടന്ന ടെണ്ടറിൽ സിയാദ് മുഹമ്മദ് റോഷൻ എന്നയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൽ 3.25% കുറഞ്ഞ നിരക്കിലും പനമരം എസ്.സി./എസ്.ടി. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി എസ്റ്റിമേറ്റ് നിരക്കിലുമാണ് ക്വാട്ട് ചെയ്തത്.ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് വർക്ക് നല്കാതിരുന്നതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

പ്രവർത്തിയുടെ ആകെ മൂല്യ നിർണ്ണയം - 500000/-

ടെണ്ടർ കുറവ് ലഭിക്കേണ്ടിയിരുന്ന തുക - 500000*3.25%=16250/-രൂപ

2. അമലാനഗർ ആനക്കുഴി റോഡ് ടാറിംഗ്

പ്രോജക്ട് നം. - 60/14( 47/16 )

അടങ്കൽ തുക - 650000/-

ഭരണാനുമതി നമ്പർ - 72/2013(1)/ 22.5.2013

സാങ്കേതികാനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/

പി.എൻ.എം/ 1196/13-14/29.11.2013

എഗ്രിമെൻ്റ് നമ്പർ - എ.ഇ/138/എൽ.എസ്.ജി.ഡി/13-14 തീയ്യതി 27.2.2014

അളവ് പുസ്തകം നമ്പർ - 249/15-16

ചെലവ്

പാർട്ട് ബിൽ 2014-15 168818/-

ട്രഷറി ബിൽ /15-16/31.3.16 481182/-

ഈ വർക്കിനായി നടന്ന ടെണ്ടറിൽ കലസൻ പി. എന്നയാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൽ 5.3% കുറഞ്ഞ നിരക്കിലും പനമരം എസ്.സി./എസ്.ടി. ലേബർ കോൺട്രാക്ട് സൊസൈറ്റി എസ്റ്റിമേറ്റ് നിരക്കിലുമാണ് ക്വാട്ട് ചെയ്തത്.ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് വർക്ക് നല്കാതിരുന്നതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

പ്രവർത്തിയുടെ ആകെ മൂല്യ നിർണ്ണയം - 650000/-

ടെണ്ടർ കുറവ് ലഭിക്കേണ്ടിയിരുന്ന തുക - 650000*5.3%=34450/-രൂപ

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/15-16/17.11.2016) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രകാരം ടെണ്ടർ കുറവിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക 16250 +34450 =50700/- രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

# 3-11 കൺസോളിഡേഷന് വേണ്ട കുറവ് വരുത്താത്തതിനാൽ അധിക ചെലവ്

താഴെ പറയുന്ന വർക്കുകളിൽ മണ്ണ് ഫില്ലിംഗ് പ്രവർത്തികളിൽ കൺസോളിഡേഷന് വേണ്ട കുറവ് വരുത്താത്തതിനാൽ അധിക ചെലവുണ്ടായതായി കാണുന്നു.

1. മഞ്ചേരി കോളനി റോഡ് മൺപണി

പ്രോജക്റ്റ് നം. - 270/15 (86/16)

അടങ്കൽ തുക - 100000/-

ഭരണാനുമതി നമ്പർ - 72/2013(1)/ 22.5.2013

സാങ്കേതികാനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/പി.എൻ.എം/
272/14-15/ 10.9.14

എഗ്രിമെൻ്റ് നമ്പർ - എ.ഇ/119/എൽ.എസ്.ജി.ഡി/14-15 തീയ്യതി 7.02.2015

അളവ് പുസ്തകം നമ്പർ - 370/15-16

ട്രഷറി ബിൽ നം.114/15 -16/22.3.16 95502/-രൂപ

എസ്റ്റിമേറ്റ് ഇനം 4പ്രകാരം 73.5 ഘ.മീ. മണ്ണ് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്.(അളവ് പുസ്തകം പേജ് 5 കാണുക.)

കൺസോളിഡേഷൻ കുറവ് 20% = 73.5 * 20%= 14.7 ഘ.മീ.

14.7ഘ.മീ.അളവിന്അനുവദിച്ച അധികമൂല്യനിർണ്ണയം@1767/10ഘ.മീ.=2597/-രൂപ. അധികമൂല്യനിർണ്ണയം നടത്തി അനുവദിച്ച തുക 2597/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

2. നാല് സെന്റ് കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ, എർത്ത് ഫില്ലിംഗ്

പ്രോജക്റ്റ് നം. - 475/16

അടങ്കൽ തുക - 400000/-

ഭരണാനുമതി നമ്പർ - 101/2015 തീയ്യതി 28.7.2015

സാങ്കേതികാനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/പി.എൻ.എം/604/15-16/11.09.2015

എഗ്രിമെന്റ് നമ്പർ - എ.ഇ/111/എൽ.എസ്.ജി.ഡി/15-16 തീയ്യതി 3.10.2015

അളവ് പുസ്തകം നമ്പർ - 279/15-16, 308/15-16

ട്രഷറി ബിൽ നമ്പർ - 79/15-16 തീയ്യതി 11.2.2016 397355/-രൂപ.

എസ്റ്റിമേറ്റ് ഇനം 10പ്രകാരം 117.936 ഘ.മീ. മണ്ണ് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്.(അളവ് പുസ്തകം 279/15-16പേജ്02 ,അളവ് പുസ്തകം 308/15-16 പേജ് 16 എന്നിവ കാണുക.)

കൺസോളിഡേഷൻ കുറവ് 20% = 117.936 * 20%= 23.59 ഘ.മീ.

23.59 ഘ.മീ.അളവിന്അനുവദിച്ച അധികമൂല്യനിർണ്ണയം@243/ഘ.മീ.=5732/-രൂപ.

അധികമൂല്യനിർണ്ണയം നടത്തി അനുവദിച്ച തുക 5732/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

3. ഏഴാംമൈൽ അട്ടച്ചിറ കുരിശിൻതൊട്ടി സൈഡ് പ്രൊട്ടക്ഷൻ

പ്രോജക്റ്റ് നം. - 385/16

അടങ്കൽ തുക - 350000/-

ഭരണാനുമതി നമ്പർ - 76/2015 തീയ്യതി 13.5.2015

സാങ്കേതികാനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/പി.എൻ.എം/475/15-16/25.8.2015

എഗ്രിമെന്റ് നമ്പർ - എ.ഇ/16A/എൽ.എസ്.ജി.ഡി/15-16 തീയ്യതി 7.9.2015

അളവ് പുസ്തകം നമ്പർ - 346/15-16

ട്രഷറി ബിൽ നമ്പർ - 120/15-16 തീയ്യതി 31.3.2016 248286 രൂപ

ട്രഷറി ബിൽ നമ്പർ - 128/15-16 തീയ്യതി 31.3.2016 27438 രൂപ

എസ്റ്റിമേറ്റ് ഇനം 4പ്രകാരം 130.91 ഘ.മീ. മണ്ണ് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്.അളവ് പുസ്തകം 346/15-16പേജ് 5 കാണുക.

കൺസോളിഡേഷൻ കുറവ് 20% = 130.91 * 20%= 26 ഘ.മീ.

26 ഘ.മീ.അളവിന്അനുവദിച്ച അധികമൂല്യനിർണ്ണയം@243/ഘ.മീ.=6318/-രൂപ.

അധികമൂല്യനിർണ്ണയം നടത്തി അനുവദിച്ച തുക 6318/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 23/15-16/17.11.2016 ) അസി. എഞ്ചിനീയർ 18.11.2016ന് നല്കിയ മറുപടിയിൽ നഷ്ടം ഈടാക്കി പഞ്ചായത്തിൽ അടക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക 6318+ 5732 + 2597 =14647/- രൂപ ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-12 <u>കുറുമ്പാലക്കോട്ട വാട്ടർ ടാങ്ക് റോഡ് സോളിംഗ്, മൺപണി - വർക്കിനായി സൈറ്റിൽ തന്നെ ഉപയോഗിച്ച മണ്ണിന് 5 കി.മീ. ദൂരെ കളയുന്നതിനുള്ള നിരക്ക് അനുവദിച്ചു- 1.1 ലക്ഷം രൂപ നിരാകരിക്കുന്നു</u>

പ്രോജക്ട് നം. - 334/15, 94/16

അടങ്കൽ തുക - 500000 /-

ഭരണാനുമതി നമ്പർ - 90/2014തീയ്യതി 20.5.2014

സാങ്കേതികാനുമതി നമ്പർ- എ.ഇ.ഇ/എൽ.എസ്.ജി.ഡി/പി.എൻ.എം/ 276/14-15/ 10.9.2014

എഗ്രിമെന്റ് നമ്പർ - എ.ഇ/111/എൽ.എസ്.ജി.ഡി/15-16 തീയ്യതി 3.10.2015

അളവ് പുസ്തകം നമ്പർ - 712/2014

ട്രഷറി ബിൽ നമ്പർ - 02/15-16 തീയ്യതി 26.6.2015 498431/-രൂപ

ഈ വർക്കിന്റെ എസ്റ്റിമേറ്റിലെ 5-ാം ഇനമായി റോഡിന്റെ വീതി കൂട്ടുന്നതിനും കയറ്റം കുറക്കുന്നതിനുമായി എടുത്ത മണ്ണ് ഈ റോഡിന്റെ പാർശ്വങ്ങളിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് 16.11.2016 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഇനീഷ്യൽ ലീഡിനേക്കാൾ കുറഞ്ഞ ദൂരത്തിൽ, മണ്ണ് കട്ട് ചെയ്തതിന് നേരെ എതിർ ഭാഗത്ത്, 5മുതൽ 7 മീറ്റർ വരെ ദൂരത്തിനുള്ളിലാണ് മണ്ണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്. (ആകെ അംഗീകരിച്ച പ്രവൃത്തിയുടെ അളവ് – 1555 ഘ.മീ.) ഇതിന് അനുവദിക്കാവുന്ന നിരക്ക് 10 ഘ.മീറ്ററിന് 1284 രൂപ നിരക്കിലാണ്. (സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് ഇനം) എന്നാൽ എസ്റ്റിമേറ്റിൽ 5 കി.മീറ്റർ ദൂരെ കൊണ്ടുപോയി കളയുന്നതിനുള്ള ഇനം ഉൾപ്പെടുത്തി 10 ഘ.മീറ്ററിന് 1997/- രൂപ നിരക്കിൽ മൂല്യനിർണ്ണയം നടത്തുകയും തുക അനുവദിക്കുകയും ചെയ്തതിനാൽ അധികച്ചെലവുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികം നല്കിയ തുക (1997-1284=713/10x1555=) 110872/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/15-16/17.11.2016) അസി. എഞ്ചിനീയർ 18.11.2016 ന് നല്കിയ മറുപടിയിൽ അധിക തുക തിരികെ ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

കൂടാതെ, ഈ റോഡിനായി സ്ഥലം വിട്ടുകിട്ടിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. രേഖകൾ പരിശോധിച്ച് സ്ഥലം പഞ്ചായത്തിന്റെ പേരിലാണ് എന്നുറപ്പാക്കേണ്ടതാണ്.

## 3-13 പഞ്ചായത്ത് സ്റ്റേഡിയം വിപുലീകരണം- മണ്ണ് ഫില്ലിംഗ് - മതിയായ തോതിൽ കൺസോളിഡേഷന് കുറവ് വരുത്താത്തതിനാൽ അധിക ചെലവ്

പ്രോജക്ട് നം. - 129/15, 58/16

അടങ്കൽ തുക - 1200000 /-

ഭരണാനുമതി നമ്പർ - 72/2014തീയ്യതി 29.4.2014

സാങ്കേതികനുമതി നമ്പർ - എ.ഇ.ഇ/എൽ.എസ്.ജി.ഡി/പി.എൻ.എം./ 699/14-15/ 21.2.2015

എഗ്രിമെന്റ് നമ്പർ - എ.ഇ/168/എൽ.എസ്.ജി.ഡി/14-15 തീയ്യതി 26.3.2015

അളവ് പുസ്തകം നമ്പർ - 718/2014

ചെക്ക് നം.9329082/29.6.15ൽ 153278/-രൂപ.

ചെക്ക് നം.231436/ 29.6.15 700000/-രൂപ.

ചെക്ക്നം.1790101/17.3.16 ൽ 202350/- രൂപ

ഈ വർക്കിന്റെ എസ്റ്റിമേറ്റ് ഇനം 4പ്രകാരം 4097.27 ഘ.മീ. മണ്ണ് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. എന്നാൽ ബില്ലിൽ കൺസോളിഡേഷൻ കുറവ് 10% (410 ഘ.മീ.) മാത്രമേ വരുത്തിയിട്ടുള്ളൂ. ബാക്കി 4097.27 – 410= 3687.27ഘ.മീ അളവിനെ 3607.27 ഘ.മീറ്ററായി പരിമിതപ്പെടുത്തി 10 ഘ.മീറ്ററിന് 2464 രൂപ നിരക്കിൽ 888831.33 രൂപ അനുവദിച്ചിട്ടുണ്ട്.(അളവ് പുസ്തകം പേജ് 3 ,15 എന്നിവ കാണുക.) കൺസോളിഡേഷന് ആവശ്യമായ 20% കുറക്കാത്തതിനാൽ അധികമൂല്യനിർണ്ണയം ഉണ്ടായിട്ടുണ്ട്. ഗുണഭോക്തൃകമ്മിറ്റിയുടെ കണക്കുകളിൽ ഉൾപ്പെട്ട ചെലവുകളിലും കൺസോളിഡേഷനായുള്ള പ്രവൃത്തികൾ ചെയ്തതായി കാണുന്നില്ല. അതിനാൽ കൺസോളിഡേഷൻ കുറവ് 10% കൂടെ വരുത്താതിരുന്ന നടപടി നിമിത്തം അധികച്ചെലവുണ്ടായിട്ടുണ്ട്. 4097.27—819.45=3277.81 -3607.27= 329.45 ഘ.മീറ്റർ മണ്ണിനായി 10 ഘ.മീറ്ററിന് 2464/- രൂപ നിരക്കിൽ 81,177/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 25/15-16/17.11.2016) അസി. എഞ്ചിനീയർ 18.11.2016 ന് നല്കിയ മറുപടിയിൽ ഭാഗികമായി കൺസോളിഡേഷൻ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് 10% മാത്രം കുറവ് വരുത്തിയത്എന്നും അത് അളവ് പുസ്തകം പേജ് 1 ൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ ഗുണഭോക്തൃകമ്മിറ്റിയുടെ കണക്കുകളിൽ മാന്വൽ റോളർ ഉപയോഗിച്ചതിന്റെയോ വാട്ടറിംഗ് നടത്തിയതിന്റെയോ രേഖകളില്ല. അതിനാൽ ഭാഗികമായി കൺസോളിഡേഷൻ നടത്തി എന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ സാധുത വ്യക്തമാകുന്നില്ല. അധികം നൽകിയ തുക 81,177/-രൂപ ഓഡിറ്റിൽ അനുവദനീയമല്ലാത്ത ചെലവുകളിൽപ്പെടുത്തുന്നു.

## 3-14 കരവാഴകൃഷി - വിശദവിവരങ്ങൾ ലഭ്യമല്ല.

താഴെ പറയുന്ന പ്രോജക്റ്റ് പ്രകാരം കൃഷി ഓഫീസർ 2015-16 വർഷത്തിൽ 16920 വാഴകന്നുകളും 40500 കി.ഗ്രാം ജൈവ വളവും പനമരത്തെ ഹോപ്കോ എന്ന സഹകരണ സ്ഥാപനത്തിൽ നിന്നു വാങ്ങി ഗ്രാമപഞ്ചായത്തിലെ 23 കുടുബശ്രീ എ.ഡി.എസ്സുകൾക്ക് നൽകിയിട്ടുണ്ട്. .

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ചെക്ക നം. |
|---|---|---|---|---|
| 1 | എസ്.0217/16, | തനത് | 612807/- | 247950 / |

| | | | | |
|---|---|---|---|---|
| | കരവാഴകൃഷി | ഫണ്ട് | | 08.02.2016 |

എന്നാൽ വാഴകൃഷി എവിടെ എല്ലാം ആണ് നടത്തി, പ്രോജക്ടിന്റെ ഭൗതിക നേട്ട റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ വിവരങ്ങളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം. 18 /2015-16/ 17.11.2016) നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ നല്കിയ മറുപടിയിൽ കുടുംബശ്രീ അംഗങ്ങൾ മുഖേനയാണ് പദ്ധതി നടപ്പാക്കിയതെന്നും, 2016 ൽ നടത്തിയ പദ്ധതിയായതിനാൽ വിളവെടുപ്പ് പൂർത്തിയായിട്ടില്ലെന്നും, പദ്ധതി പൂർത്തീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 612807/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-15 പഞ്ചായത്തിലെ റോഡ് മെയിൻറനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ചുമതലയിലുള്ള ടാറിംഗ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് പഞ്ചായത്തിന് ലഭിച്ച മെയിൻറനൻസ് ഗ്രാൻറ് പ്രാഥമികമായും വിനിയോഗിക്കേണ്ടത്. എന്നാൽ താഴെപറയും പ്രകാരം റോഡ് ടാറിംഗ്, സോളിംഗ്, നടപ്പാത കോൺക്രീറ്റ് തുടങ്ങിയ വർക്കുകൾ നടത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള മുഴുവൻ ടാർ റോഡുകളുടെയും മെയിൻറനൻസിനു ശേഷം തുക അവശേഷിക്കുന്നുവെങ്കിൽ ആയത് സാക്ഷ്യ പ്പെടുത്തി പഞ്ചായത്തിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സോളിംഗ്, ടാറിംഗ് തുടങ്ങിയ മറ്റ് വർക്കുകൾ ചെയ്യാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള നിരവധി ടാർ റോഡുകളുടെ മെയിൻറനൻസ് അവശേഷിക്കേ ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനങ്ങളോ മറ്റ് രേഖകളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.നം. 03/15-16/11.11.2016 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപതികരമായ വിശദീകരണം നല്കിയിട്ടില്ല.പഞ്ചായത്തിന്റെ ചുമതലയിലും പരിധിയിലുമുള്ള റോഡുകൾ മുഴുവൻ ടാർ റോഡുകൾ കേടുപാടുകൾ ഒന്നും ചെയ്യാനവശേഷിക്കുന്നില്ല എന്ന് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായോ, റിപ്പോർട്ട് ചെയ്തതായോ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 16.11.2016 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ പഞ്ചായത്തിലെ പല ടാർ റോഡുകളും അറ്റകുറ്റപ്പണികൾ നടത്താൻ ഇനിയും അവശേഷിക്കുന്നതായി കണ്ടു.

18.11.2016ന് നടന്ന ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം ചൂണ്ടിക്കാണിച്ചതിൽ പഞ്ചായത്തിലെ അറ്റകുറ്റപണി വേണ്ട റോഡുകൾക്കെല്ലാം പഞ്ചായത്തും, മറ്റ് തദ്ദേശ സ്ഥാപനങ്ങളും ഫണ്ട് വകയിരുത്തിയിരുന്നുവെന്നും ഏതാണ്ട് എല്ലാ റോഡുകളും കവർ ചെയ്ത സാഹചര്യത്തിൽ മറ്റ് വർക്കുകൾക്ക് റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതെന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഇവയിൽ ചിലതിന്റെ നിർവ്വഹണ നീണ്ടുപോയതിനാലാണ് ഇപ്രകാരം വർക്കുകളിൽ ചിലവ കേടുപാടുകളോടെ അവശേഷിക്കുന്നതെന്നും അറിയിച്ചു.

അതിനാൽ പഞ്ചായത്തിലെ നിലവിൽ കേടുപാടുകളോടെ അവശേഷിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതും തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണഘട്ടത്തിൽ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ച് മെയിൻറനൻസ് ഗ്രാൻറ് ടാർ റോഡുകളുടെ റിപ്പയറിനായി വിനിയോഗിക്കുന്നു എന്നുറപ്പാക്കേണ്ടതുമാണ്.

## 3-16 പനമരം ജി.എൽ.പി.എസ്, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം - പ്രോജക്ടിൽ വകയിരുത്തിയതിൽ അധികരിച്ച തുക ചെലവഴിച്ചു. 104655 രൂപ തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | : പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ |
| പ്രോജക്ട്നം. | : S0449 |
| അടങ്കൽ | : 5,00,000/- (തനത് ഫണ്ട്) 4,00,000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| പിൻവലിച്ച തുക | : 1) 3,66,038/- രൂപ തീ: 5. 1. 16 S.B a/c നം 932905 |

എസ്.ബി.ഐ പനമരം.

2) 6,27,025 രൂപ തീയതി :14.3.16

ചെക്ക് നം.267809

പനമരം സർവ്വീസ് സഹകരണ ബേങ്ക്

3) 11,592 രൂപ തീ:21.3.16

ചെക്ക് നം.269461

പനമരം സർവ്വീസ് സഹകരണ ബേങ്ക്

ആകെ: 10,04,655/- രൂപ

പനമരം ഗ്രാമ പഞ്ചായത്ത് 2015-16 വർഷത്തിൽ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകൽ എന്ന പ്രോജക്ടിന് പഞ്ചായത്ത് വിഹിതമായി തനത് ഫണ്ടിൽ നിന്ന് 5,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 4,00,000/- രൂപയും ഉൾപ്പെടുത്തി ആകെ 9,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിക്ക് നിർവ്വഹണോദ്യോഗസ്ഥനായ പനമരം ജി.എൽ.പി.എസ് ഹെഡ്മാസ്റ്റർ 10,04,655/- രൂപ ചെലവഴിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

പ്രോജക്ടിൽ വകയിരുത്തിയതിൽ അധികരിച്ച തുകയായ 104655/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-17 എസ്.എസ്.എ. വിഹിതം നൽകിയത് പ്രോജക്ടിൽ അധികരിച്ച തുക 142576.65 രൂപ തടസ്സത്തിൽ വെക്കുന്നു

പ്രോജക്ടിന്റെ പേര് : എസ്.എസ്.എ.വിഹിതം നൽകുന്നത് സംബന്ധിച്ച്

പ്രോജക്ടിന്റെ നം : s0035/16

നിർവ്വഹണോദ്യോഗസ്ഥർ: ഹെഡ്മാസ്റ്റർ

അടങ്കൽ : 10,00,000 വികസന ഫണ്ട്

ബിൽ നം : 1/15-16 .2015-16

ഡി.ഡി.നം. : 609388/23.12.15

2015-16 വർഷത്തിൽ പനമരം ഗ്രാമപഞ്ചായത്തിന്റെ എസ്.എസ്.എ വിഹിതമായ 10,00,000 രൂപ ജില്ലാ പ്രോജക്ട് ഓഫീസർ,എസ്.എസ്.എ. വയനാടിന് ഡി.ഡി.നം.609388 തീയതി.23.12.15 എസ്.ബി.ഐ. അഞ്ച്കുന്ന് ബ്രാഞ്ച് വഴി നൽകിയിട്ടുണ്ട്.

1.4.2016 ലെ പ്രോജക്ട് ഓഫീസർ,എസ്.എസ്.എ. വയനാടിന്റെ വിനിയോഗ സാക്ഷ്യപത്രമനുസരിച്ച്പനമരം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം എസ്.എസ്.എ ഇനത്തിൽ ആകെ ചെലവഴിച്ചത് 2449781രൂപയാണ്. ഇതിന്റെ 35%മാണ് പഞ്ചായത്ത് വിഹിതമായി നൽകേണ്ടത്.അതായത് 857423.35/- രൂപ. എന്നാൽ 23.12.2015 ന് പഞ്ചായത്ത് എസ്.എസ്.എ വിഹിതിതമായി 10,00,000/- രൂപ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട് .10,00,000/- നൽകിയതിൽ ചെലവഴിച്ച 857423/- കഴിച്ച് ബാക്കി 142577/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണം 2 ഗുണഭോക്താക്കൾക്ക് തുക നൽകിയില്ല.

പ്രോജക്ട് നം : S0036/16

അടങ്കൽ : 3,00,000 (വികസന ഫണ്ട്)

ബിൽ നം : 4/15-16./ 23. 3 . 16

നിർവ്വഹണോദ്യോഗസ്ഥർ : ഹെഡ്മാസ്റ്റർ

ശാരീരീക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനായി 2015-16 വർഷത്തിൽ 3,00,000/- രൂപ 23.3.16 ന് ബിൽ നം 4/15-16 പ്രകാരം സബ്ബ് ട്രഷറി, ദ്വരക,യിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. നർവ്വഹണോദ്യഗസ്ഥനായ ഹെഡ്മാസ്റ്റർ 89 ഗുണഭോക്താക്കളുടെ പട്ടികയും ഹാജരാക്കിയിട്ടുണ്ട്. ആകെയുള്ള 89 ഗുണഭോക്താക്കളിൽ 88 പേർ മാത്രമേ സ്കോളർഷിപ്പ് തുക കൈപ്പറ്റിയിട്ടുള്ളൂ. അഖിലബാനു എന്ന വിദ്ധ്യാർത്ഥി സ്കോളർഷിപ്പ് തുകയായ 3370/- രൂപ കൈപ്പറ്റിയിട്ടില്ല.

2014-15 വർഷത്തിൽ സതീഷ്. സി. എസ്.എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകാൻ 4800/- രൂപയുടെ ചെക്ക് എസ്.ബി.ഐ. അഞ്ചുകുന്ന് ബ്രാഞ്ചിൽ നിന്ന് കൈപ്പറ്റിയിട്ടുണ്ടങ്കെലും (8.5.2015) സതീഷ് സി.എസ്.ന് നല്കാതെ ഫയലിൽ സൂക്ഷിച്ചിരിക്കയാണ്. ഇതുകാരണം സതീഷ് സി.എസ്.ന് ആനുകൂല്യം നിഷേധിക്കുകയാണുണ്ടായത്. മേൽ പരാമർശം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം4/14.11.16നൽകിയതിന് " ഗുണഭോക്താക്കൾക്ക് എത്രയും പെട്ടെന്ന് തുക നല്കാമെന്ന്" അറിയിക്കുകയുണ്ടായി. ഗുണഭോക്താക്കൾക്ക് തുക നൽകി അറിയിക്കേണ്ടതാണ്.

## 3-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്

## <u>തൊഴിലുപാധി നൽകൽ - 40,000/-രൂപ നിരാകരിക്കുന്നു.</u>

പ്രോജക്ടിന്റെ പേര് - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിലുപാധി നൽകൽ

പ്രോജക്ടിന്റെ നമ്പർ - S 0306/16

അടങ്കൽ - വികസന ഫണ്ട്( 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്) - 200000

തുക ചെലവഴിച്ചത് -ബിൽ നമ്പർ P11 തീയതി 19/3/16 തുക 100000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് പരസഹായമില്ലാതെ ജീവിക്കുന്നതിന് തൊഴിലുപാധിയായി ഓരോ കുമ്മട്ടികൾ സ്ഥാപിച്ചു നൽകുകയും അത് വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിലൂടെ ലക്ഷ്യം വെച്ചിരുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി 5 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും ഒരാൾക്ക് 20000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും 14/11/2016ന് വിവിധ സ്ഥലങ്ങളിൽ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന വ സ്തുതകൾ ശ്രദ്ധയിൽ പ്പെടുത്തുന്നു.

1. ഓഡിറ്റിന് ഹാജരാക്കിയ വാല്വേഷൻ സർട്ടിഫിക്കറ്റ് നിയതാമായ രീതിയിലുള്ളതോ, യഥാവിധി വാല്വേഷൻ നൽകിയ ഉദ്യോഗസ്ഥൻ മൂല്യ നിർണ്ണയം നടത്തിയത് രേഖപ്പെടുത്തിയതിന്റെയോ അടിസ്ഥാനത്തിൽ ഉള്ളതല്ല. ഉദാ- പദ്ധതിയിലെ ഒരു ഗുണഭോക്താവായ ഗൗരി എന്നയാൾ പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടയാളാണ്. പ്രസ്തുത ഗുണഭോക്താവിന് നൽകിയ കുമ്മട്ടിയുടെ വിലയായി വാല്വേഷൻ സർട്ടിഫിക്കറ്റ് നൽകിയത് 21000 രൂപയുടെതാണ്. സ്ഥല പരിശോധനയിൽ പ്രസ്തുത കുമ്മട്ടിക്ക് ഇത്രയും മൂല്യം ഉള്ളതായി കാണുന്നില്ല. തകര ഷീറ്റുകൾ കൊണ്ട് തയ്യാറാക്കിയ കുമ്മട്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിൽ കാണിച്ച് ആയതിന്റെ വിലയുടെ അടിസ്ഥാനത്തിൽ സാക്ഷ്യപത്രം നൽകിയതല്ല.

2. കുമ്മട്ടികൾ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി നൽകിയിട്ടില്ല. നൽകിയ പെട്ടിക്കടകൾ നിലവിൽ സ്ഥാപിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തികളുടെ ഭൂമിയലോ, റോഡ് പുറമ്പോക്കിലോ ആണ്.

3. പദ്ധതി ഗുണഭോക്താവായ ജോസ്.പി.എം. പച്ചിലാംകാട്ടിൽ , നീർവാരം എന്നയാൾക്ക് നിലവിൽ സ്വന്തമായി കടയുള്ളപ്പോഴാണ് പെട്ടിക്കട അനുവദിച്ചത്.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോയിൽ കാണിച്ച പെട്ടിക്കട നിലവിൽ സ്ഥിതി ചെയ്യുന്നത് ലക്ഷ്മണൻ.വി.എൻ, വെട്ടുപാറപ്പുറത്ത്, ചന്ദനക്കൊല്ലി, നീർവാരം എന്നയാളുടെ സ്ഥലത്താണ്. പ്രസ്തുത പെട്ടിക്കട സ്ഥലമുടയുടേതാണെന്ന് അദ്ദേഹം അറിയിച്ചു. പെട്ടിക്കട വിറ്റതായി പറയുന്ന രാജൻ അറക്കൽ എന്നയാൾ , തനിക്ക് അത്തരം പെട്ടിക്കട ഇല്ലായെന്നും താൻ പെട്ടിക്കട ജോസ് പച്ചിലാംകാട്ടിൽ എന്നയാൾക്ക് വിറ്റിട്ടില്ല എന്നും , തന്റെ അക്കൗണ്ട് മുഖേന ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ധനസഹായം കൈപ്പറ്റുന്നതിനുള്ള സഹായം മാത്രമാണ് ചെയ്തത് എന്ന് നേരിട്ട് അറിയിച്ചു.

4. പദ്ധതി ഗുണഭോക്താവായ സിദ്ദീഖ്.ഒ.കെ, ഒരുക്കിൽ ഹൗസ്, പനമരം എന്നയാൾ നിലവിൽ സോഡ നിർമ്മാണ യൂണിറ്റ് നടത്തി വരവെയാണ് പദ്ധതി ഗുണഭോക്താവായി തെരഞ്ഞെടുത്തത്. നിലവിൽ ഈ പെട്ടിക്കടയിൽ, തന്റെ സുഹൃത്തും പെട്ടിക്കട തനിക്ക് വിറ്റയാളുമായ ഉല്ലാസ് ആണ് പ്രവർത്തിപ്പിക്കുന്നത് എന്ന് നേരിട്ട് അറിയിച്ചു.താൻ ഇപ്പോഴും സോഡാ നിർമ്മാണ യൂണിറ്റാണ് തൊഴിലുപാധിയായി സ്വീകരിച്ചിരിക്കുന്നത് എന്നു അറിയിച്ചു. പെട്ടിക്കട സ്ഥിതി ചെയ്യുന്ന അരിഞ്ചേർമല ചുണ്ടക്കുന്ന് എന്ന സ്ഥലത്ത് പരിശോധന നടത്തിയതിൽ പെട്ടിക്കട നിലവിൽ സ്ഥിതി ചെയ്യുന്നത് ശ്രീമതി.നിർമ്മല എന്നയാളുടെ സ്ഥലത്താണ്. പ്രസ്തുത പെട്ടിക്കട ശ്രീമതി നിർമ്മലയുടെ പേരിലുള്ളതുമാണ്. നിലവിൽ ഈ പെട്ടിക്കടക്ക് ഡി&ഒ ലൈസൻസിന് വേണ്ടി ശ്രീമതി. നിർമ്മലയുടെ പേരിൽ അപേക്ഷ നൽകിയിട്ടുണ്ട്.
5. സ്ഥല പരിശോധനയിൽ , ഗൗരി എന്ന ഗുണഭോക്താവിന്റെതൊഴികെ മറ്റാരും കുമ്മട്ടികൾ തുറന്നതായി കാണുന്നില്ല.
6. മുൻവർഷങ്ങളിൽ വികലാംഗർക്ക് തൊഴിലുപാധിയായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരങ്ങളും സബ്സിഡി ലഭിച്ചവരുടെയും ഇത്തരത്തിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ആരെല്ലാംനിലവിൽ തുടർന്ന് പോരുന്നുണ്ടെന്നും തുടരാത്തവരിൽ നിന്നും കുമ്മട്ടികളോ മറ്റ് തൊഴിലുപാധികളോ തിരികെ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടോയെന്നും രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്. തുടരാത്തവരിൽ നിന്നും തിരികെ കുമ്മട്ടികൾ ഏറ്റെടുത്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് 16/11/2016 ലെ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമല്ല.ജോസ്.പി.എം. പച്ചിലാംകാട്ടിൽ,നീർവാരം. സിദ്ദീഖ്.ഒ.കെ, ഒരുക്കിൽ ഹൗസ്, പനമരം എന്നീ ഗുണഭോക്താക്കൾക്ക് നിലവിൽ ഉപജീവനമാർഗ്ഗം ഉണ്ടായിട്ടും തെറ്റായി പദ്ധതി ഗുണഭോക്താവായി തെരഞ്ഞെടുത്തതിനാൽ മേൽ സൂചിപ്പിച്ച 2 ഗുണഭോക്താക്കൾക്ക് ചെലവഴിച്ച 40,000/- രൂപ നിരാകരിക്കുന്നു.

## 3-20 പട്ടിക ജാതി യുവതി യുവാക്കൾക്ക് തൊഴിലുപാധി നൽകൽ - തുക ദുരുപയോഗം ചെയ്തു.

പ്രോജക്ട് നമ്പർ - S0421/16

പ്രോജക്ടിന്റെ പേര് - പട്ടിക ജാതി യുവതി യുവാക്കൾക്ക് തൊഴിലുപാധി നൽകൽ

നിർവ്വഹണം - അസി. സെക്രട്ടറി

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി - 200000

ചെലവ് - ബിൽ നമ്പർ 9/SCP/15-16തീയതി 29/3/16തുക 50000

ബിൽ നമ്പർ 10/SCP/15-16 തീയതി 31/3/16 തുക 50000

ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി യുവതി യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ ബാക്ക് എന്റ് സബ്സിഡി നൽകുകയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.മേൽ ബിൽ നമ്പർ വൗച്ചറുകൾ പ്രകാരം തുക പിൻവലിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി താഴെപ്പറയുന്നവരെ പദ്ധതി ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതിനാൽ സബ്സിഡി തുക അനുവദിക്കുകയും ചെയ്തു.

1.ശ്രീ പ്രദീപ് കുമാർ, S/o മണി, കരിമ്പുമ്മൽ കോളനി, പനമരം,

2. ശ്രീ ഹരീഷ്.പി, S/o ഹരിദാസ്, ഹർഷ നിവാസ്, 1384, വാടോച്ചാൽ

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടു.

i)ശ്രീ പ്രദീപ് കുമാർ എന്ന വ്യക്തി വായ്പ എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ii)ഇദ്ദേഹം വാഹനം വാങ്ങിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മറ്റ് രേഖകളുടെ പകർപ്പ് എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല.

iii)വാഹനം ഇയാൾ ജീവനോപാധിയായി ഉപയോഗിക്കുന്നുണ്ട് എന്നത് സംബന്ധിച്ച് തുടർ പരിശോധന നടത്തുന്നില്ല.

iv)ഇയാൾക്ക് ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള ലൈസൻ സ് ഉള്ളത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

v)ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട് പാസ് ബുക്ക് വാങ്ങി സൂക്ഷിച്ചിട്ടില്ല

മേൽ അപാകതകൾ സൂചിപ്പിച്ച് 17/11/2016 ലെ 27 -ാം നമ്പർ ഓഡിറ്റ് എൻക്വയറി

നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമല്ല . വ്യക്തമായ രേഖകൾ ഇല്ലാതെ ശ്രീ പ്രദീപ് കുമാർ, S/o മണി, കരിമ്പുമ്മൽ കോളനി, പനമരം എന്നയാൾക്ക് ചെലവഴിച്ച 50000/- രൂപ നിരാകരിക്കുന്നു.

## 3-21 രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ എലിക്കെണികൾ വാങ്ങിയതിന്റെ ചെലവ് തുക 69000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - എസ്. 0463/16

പ്രോജക്ടിന്റെ പേര് - എസ്.ടി കോളനികളിൽ പകർച്ചവ്യാധി നിയന്ത്രണം

അടങ്കൽ - വികസന ഫണ്ട് -ടി.എസ്.പി - 100000

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെലവ് -

ബിൽ നമ്പർ - 18/15-16 തീയതി 29/3/16 തുക 69000

ബിൽ നമ്പർ - 4/15-16 തീയതി 31/12/15 തുക 9000

ബിൽ നമ്പർ - 12/15-16 തീയതി 17/3/16 തുക 6000

ബിൽ നമ്പർ - 19/15-16 തീയതി 29/3/16 തുക 6000

ബിൽ നമ്പർ - 20/15-16 തീയതി 29/3/16 തുക 9000

ആകെ - 99000

മേൽ പദ്ധതി പ്രകാരം പട്ടിക വർഗ്ഗ കോളനികളിൽ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി കിണറുകളിൽ ക്ലോറിനേഷൻ പ്രവൃത്തികൾ, കോളനികളിൽ എലിക്കെണി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ആണ് നടത്തിയത്. ഓഡിറ്റിന് ഹാജരാക്കി രേഖകൾ പരിശോധിച്ചതിൽ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി 69000 രൂപ ചെലവഴിച്ച് 200 എലിക്കെണികൾ (345x200 = 69000) വാങ്ങിയിട്ടുണ്ട്. പ്രസ്തുത എലിക്കെണികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ, പദ്ധതിയുടെ ഭാഗമായി

എലിക്കെണികൾ വിതരണം നടത്തിയതിന്റെ ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, പദ്ധതി നിർവഹണത്തിന്റ ഫലമായി ഉണ്ടായ നേട്ടങ്ങൾ അടങ്ങിയ മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് 16/11/2016 ലെ 17 ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമല്ല. സ്റ്റോക്ക് വിതരണം വിവരവും മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ 200 എലിക്കെണികൾ വാങ്ങിയ 69000 /- രൂപ (345x200 ) തടസ്സപ്പെടുത്തുന്നു.

## 3-22 ഭവന നിർമ്മാണ ധനസഹായം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റിന്റെ പേര് - ഭവന നിർമ്മാണം

പ്രോജക്റ്റിന്റെ നമ്പർ - S 450/16

അടങ്കൽ - തനത് ഫണ്ട് -370000

തുക പിൻവലിച്ചത് - ചെക്ക് നമ്പർ 9329088തീയതി 16/9/15തുക 310000രൂപ

മേൽ ചെക്ക് പ്രകാരം (നമ്പർ 9329088തീയതി 16/9/15) 310000രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് സെക്രട്ടറി അനുവദിക്കുകയും പ്രസ്തുത ചെക്ക് വി.ഇ.ഒ കാനറ ബാങ്ക് പനമരം ശാഖയിലെ 0856101050722 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവ് പത്രിക പ്രകാരം മുഴുവൻ തുകയും ചെലവായതായാണ് കാണിച്ചിരിക്കുന്നത്. മേൽ തുകയുടെ ചെലവ് സംബന്ധിച്ച് ഗുണഭോക്തൃ ലിസ്റ്റ് ഉൾപ്പടെയുള്ള മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം രേഖകൾ ഇല്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6തീയതി16/11/2016 ന് തൃപ്തികരമായി മറുപടി നൽകിയിട്ടില്ല. 310000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-23 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള കാനറ ബാങ്ക് പനമരം ശാഖയിലെ 0856101050722 നമ്പർ അക്കൗണ്ടിൽ ഓഡിറ്റ് തീയതിയിൽ 607315/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ തുക ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്നും ഇത്രയും തുക നീക്കിയിപ്പ് ഉണ്ടായത് സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. കൂടാതെ വി.ഇ.ഒ കൈകാര്യം ചെയ്യുന്ന ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടിൽ 31/3/2016 ന് 386637/-രൂപയും ഓഡിറ്റ് തീയതിയിൽ 126539 രൂപയും നീക്കിയിരിപ്പുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്ത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷം ടോട്ടൽ സാനിട്ടേഷൻ ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെടാത്തത് സംബന്ധിച്ചും വിശദീകരിക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയഓഡിറ്റ് എൻക്വയറി നമ്പർ 7 തീയതി 16/11/2016 ന് നൽകിയ മറുപടിയിൽ തുക ഏതെല്ലാമാണെന്ന് തിട്ടപ്പെടുത്താൻ അധിക ദിവസം ആവശ്യമാണ് എന്നാണ്. തുക ഏതെല്ലാം ഇനത്തിലുള്ളതാണെന്ന് കണക്കാക്കി കൺസോളിഡേറ്റഡ് അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-24 ഭവന നിർമ്മാണ ധനസഹായം രേഖകൾ കൃത്യതയില്ല - 600000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റിന്റെ പേര് - ഭവന നിർമ്മാണം

പ്രോജക്റ്റിന്റെ നമ്പർ - S 0221/16

അടങ്കൽ - വികസന ഫണ്ട് -1620000/-

തുക പിൻവലിച്ചത് - ബിൽ നമ്പരി 1/2015-16 തീയതി 30-7-2015
തുക 600000/- രൂപ

മേൽ തുക ട്രഷറിയിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പിൻവലിച്ചിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വൗച്ചറിനോടൊപ്പം സൂക്ഷിച്ചതും ട്രഷറിയിൽ ഹാജരാക്കിയതുമായ വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം തുക വിതരണം നടത്തിയത് സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ബില്ലിനോടൊപ്പം ഉൾക്കൊള്ളിച്ച വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ബിൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിന് മുൻപ് തന്നെ തുക ചെക്ക് മുഖേന നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ തെറ്റായി തുക പിൻവലിച്ചത് സംബന്ധിച്ചും തുക വിതരണം ചെയ്തത് സംബന്ധിച്ചും രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (5 തീയതി 16/11/2016 ) നൽകിയ മറുപടി തൃപ്തികരമല്ല. വസ്തുനിഷ്ഠമായ രേഖകൾ ഹാജരാക്കാത്തതിനാൽ പദ്ധതി ചെലവ് തുക 600000/- രൂപ തടസ്സപ്പെടുത്തുന്നു.

## **3-25** വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല - **65,68,121/-** തടസ്സപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

1.പ്രോജക്റ്റ് നമ്പർ - S0017/16

പ്രോജക്റ്റിന്റെ പേര് - ഐ.എ.വൈ വിഹിതം നൽകൽ, (ടി.എസ്.പി)

അടങ്കൽ - 5000000/--

തുക വിനിയോഗിച്ചത്- ബിൽ നമ്പർ 2/TSP/15-16തീയതി 23/11/15
തുക 5000000

2.പ്രോജക്റ്റ് നമ്പർ - S0018/16

പ്രോജക്റ്റിന്റെ പേര് - ഐ.എ.വൈ വിഹിതം നൽകൽ (എസ്.സി.പി)

അടങ്കൽ - SCP - 568121

തുക വിനിയോഗിച്ചത് – ബിൽ നമ്പർ 5/SCP/15-16 തീയതി23/12/15
തുക 568121

3.പ്രോജക്റ്റ് നമ്പർ - S0025/16

പ്രോജക്റ്റിന്റെ പേര് - ജലനിധി വിഹിതം നൽകൽ (ടി.എസ്.പി)

അടങ്കൽ - TSP - 1000000

തുക വിനിയോഗിച്ചത് - ബിൽ നമ്പർ 3/TSP/15-16തീയതി 23/12/15
തുക 1000000/-

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച ച 65,68,121 /- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## **3-26** പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം , ബാഗ് വിതരണം അപാകതകൾ

പ്രോജക്റ്റ് നമ്പർ - S0020/16

പ്രോജക്റ്റിന്റെ പേര് - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം, ബാഗ് വിതരണം

അടങ്കൽ - 300000
തുക പിൻവലിച്ചത് ബിൽ നമ്പർ - 51/TSP/15-16 തീയതി 29/3/16 തുക 297880

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ഗ്രാമ പഞ്ചായത്ത് പരിധിയിലെ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2015-16 വർഷത്തെ സ്കൂൾ യൂണിഫോം, ബാഗ് എന്നിവ വിതരണം നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ പദ്ധതി. ഓഡിറ്റിന് ഹാജരാക്കിയ രേഖകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. 2015-16 അധ്യയന വർഷത്തേക്കുള്ള യൂണിഫോം, ബാഗ് എന്നിവ വിതരണം നടത്തിയത് അധ്യയന വർഷത്തിന് ശേഷം ആണ്

2. വർഷാരംഭത്തിലുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ക്ലാസ്സ് തിരിച്ചുള്ള ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയിട്ടില്ല.

3. യൂണിഫോം വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതികൾ ഹാജരാക്കിയിട്ടില്ല.

4. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ ടെണ്ടർ അംഗീകരിച്ച നൽകിയ ശ്രീ.രത്നാകരൻ, ഗോപിക ടെക്സ്റ്റയിൽസ് പനമരം എന്നയാളും ശ്രീ പ്രകാശൻ, പിങ്കി ടെക്സ്റ്റയിൽസ് എന്നിവരുടെ ടെണ്ടർ ഫോറങ്ങൾ ഒരേ ദിവസം വാങ്ങിയവയും ഒരേ കൈയക്ഷരത്തിൽ പൂരിപ്പിച്ചവയുമാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് 17/11/2016 ലെ 29 ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമല്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം, ബാഗ് വിതരണം എന്നിവ അധ്യയന വർഷാരംഭത്തിൽ നൽകുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 778680 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണ | 627025 | 151655 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കുണ്ടംകേണി കുടിവെള്ള പദ്ധതി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 12/15-16, 15.09.2015 | 200000 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| | രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 44/15-16, 31.03.2016 | 257780 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം | 2015-16ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യ ലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 19500000 | വസതി 2014 | 19500000 | ഇല്ല. | ലഭ്യമാക്കിയിട്ടില്ല |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവന വായ്പ | ജി.ഒ.(എം.എസ്) 222/2010 /തസ്വഭവ, തീയതി. 21/01/2010 | 39951000 | 10282500 | 1694100 | | 8588400 |
| | വസതി 2014 | ലഭ്യമാക്കിയിട്ടില്ല | 19500000 | - | 4000000 | | 15500000 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 510000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 510000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 510000 |

(2015-2016) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| ട്രഷറി | 510000 | 357666/1401 |

| | | |
|---|---|---|
| | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 157207625/-രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18,87,89,181/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,47,396/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,02,40,609/-രൂപ |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-10 | 50700 | ശ്രീ. വിപിൻ കൃഷ്ണ, അസി.എഞ്ചിനീയർ |
| 3-11 | 14647 | ശ്രീ. വിപിൻ കൃഷ്ണ, അസി.എഞ്ചിനീയർ |
| 3-12 | 110872 | ശ്രീ. വിപിൻ കൃഷ്ണ, അസി.എഞ്ചിനീയർ |
| 3-14 | 81177 | ശ്രീ. പ്രശാന്ത് എൻ. എസ്., അസി.എഞ്ചിനീയർ |
| 3-19 | 40000 | ശ്രീമതി. റെജിന എം.വി., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-20 | 50000 | ശ്രീ. ഇ. കെ. അശോകൻ, അസി. സെക്രട്ടറി` |
| ആകെ | 347396 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| | | |
| 3-1 | 513570 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-2 | 1450679 | ശ്രീ. ഇ. കെ. അശോകൻ, സെക്രട്ടറി |
| 3-3 | 91420 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-5 | 360000<br>140000 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി<br>ശ്രീ. ഇ. കെ. അശോകൻ, സെക്രട്ടറി |
| 3-6 | 457780 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-7 | 7820000 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-8 | 1000000 | ശ്രീ. കെ. രാധാകൃഷ്ണൻ, സെക്രട്ടറി |
| 3-14 | 612807 | ശ്രീ. വിപിൻ കൃഷ്ണ, അസി.എഞ്ചിനീയർ |
| 3-16 | 104655 | ശ്രീ. ചാക്കോ പ്രകാശ്, ഹെഡ്മാസ്റ്റർ |

| | | |
|---|---|---|
| 3-17 | 142577 | ശ്രീ. ചാക്കോ പ്രകാശ്, ഹെഡ്മാസ്റ്റർ |
| 3-21 | 69000 | ഡോ. ഷീജ വി.ആർ. , മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 3-22 | 310000 | ശ്രീ. വിനോദ് വി.എൽ. , വി.ഇ.ഒ. |
| 3-24 | 600000 | ശ്രീ. വിനോദ് വി.എൽ. , വി.ഇ.ഒ. |
| 3-25 | 6568121 | ശ്രീ. ഇ. കെ. അശോകൻ, അസി. സെക്രട്ടറി |
| ആകെ | 20240609 | |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡക നമ്പർ - 3-4

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | മേൽവിലാസം | |
| ശ്രീ. വിപിൻ കൃഷ്ണ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പനമരം ഗ്രാമപഞ്ചായത്ത് | ശ്രീഹരി, ഡി.6, അർച്ചന നഗർ, മെഡിക്കൽ കോളേജ്.പി.ഒ, പോങ്ങമൂട്, തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | നം.എൽ.എഫ്.(ഡബ്ള്യ)പി1-284/09തീയ്യതി-28.11.1998 |
| 1997-98 | നം.എൽ.എഫ്.(ഡബ്ള്യ)പി2-362/00തീയ്യതി-05.01.99 |
| 1998-99 | നം.എൽ.എഫ്.(ഡബ്ള്യ)പി3-368/08,തീയ്യതി-31.10.08 |
| 1999-00 | നം.എൽ.എഫ്.(ഡബ്ള്യ)പി4-460/00തീയ്യതി-07.08.08 |
| 2000-01 | നം.എൽ.എഫ്.(ഡബ്ള്യ)പി3-369/09,തീയ്യതി-1.8.07 |
| 2001-02 | നം.എൽ.എഫ്.(ഡബ്ള്യ)പി3-912/08,തീയ്യതി-04.2.09 |
| 2002-03 | നം.എൽ.എഫ്.(ഡബ്ള്യ)പി3-913/08,തീയ്യതി-8.12.09 |

| | |
|---|---|
| | |
| 2003-04 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-1068/08,തീയ്യതി03.12.09 |
| 2004-05 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-990/08 തീയ്യതി 08.12.09 |
| 2005-06 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-991/08തീയ്യതി-5.12.09 |
| 2006-07 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-105/10തീയ്യതി-12.7.10 |
| 2007-08 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-106/10തീയ്യതി-13.08.10 |
| 2008-09 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.3-560/11 തീയ്യതി-28.10.11 |
| 2009-10 | നം.എൽ.എഫ്.(ഡബ്ള്യൂ)പി3-274/12തീയ്യതി-22.06.12 |
| 2010-11 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.3-192/13തീയ്യതി-10.06.13 |
| 2011-12 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.5-842/2014, തീയ്യതി-06.05.15 |
| 2012-13 | നം.എൽ.എഫ്.(ഡബ്ള്യൂ)പി.5-842/2014, തീയ്യതി-06.05.15 |
| 2013-14 | നം. കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി.പി4.201(A) 2015, തീയ്യതി-06.05.16 |

| | |
|---|---|
| 2014-15 | നം. കെ.എസ്.എ.ഡബ്ള്യ.വൈ.ഡി.പി4.470/ 2016, തീയ്യതി-23.07.16 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-836/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി : 2/12/2016.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ പനമരം ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

AUDIT CERTIFICATE

No. KSA.(WYD)/P4/836/2016.

Kerala State Audit Department

District Audit Office

Wayanad, Kalpetta-673121

Phone: 04936-203672

Dated.02.12.2016

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Panamaram Grama Panchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.

In my opinion, the financial statements of Panamaram Gramapanchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District Audit office, Wayanad.